പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2706.

17.10.2016 - ൽ

മറുപടിയ്ക്ക്

# പിങ്ക് ബീറ്റ് പോലീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.മുരളീധരൻ<br>,, ഹൈബി ഈഡൻ<br>,, കെ.സി.ജോസഫ്<br>,, എം. വിൻസന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് പിങ്ക് ബീറ്റ് പോലീസ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി പിങ്ക് ബീറ്റ് പോലീസ് എന്ന സംവിധാനം തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി എന്നീ പോലീസ് ജില്ലകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പിങ്ക് ബീറ്റ് പോലീസ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ ; | (ബി) | സ്ത്രീകളും കുട്ടികളും കൂടുന്ന സ്ഥലങ്ങളിൽ (സ്കൂളുകൾ, കോളേജുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ) എന്നിവിടങ്ങളിൽ പ്രത്യേക പട്രോളിംഗ് നടത്തുന്നുണ്ട്. കൂടാതെ, സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്ന പൗരൻമാരുടെയും സുരക്ഷയുമായി ബന്ധപ്പെട്ട് ബോധവൽക്കരണവും ആവശ്യമായി വരുന്ന ഘട്ടത്തിൽ സഹായങ്ങളും ചെയ്തു കൊടുക്കുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പിങ്ക് ബീറ്റ് പോലീസിന്റെ പ്രവർത്തനം നടന്നുവരുന്നതെന്ന് വിശദമാക്കുമോ ? | (സി) | ദക്ഷിണ മേഖലയിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി പോലീസ് ജില്ലകളിൽ പിങ്ക് ബീറ്റ് പൂർണ്ണമായും നടന്നു വരുന്നു. |

Rajani.M

സെക്ഷൻ ഓഫീസർ